LIBRARY ARCHIVES Kerala Legislative Assembly

പഴയ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നതും നടപ്പാക്കിയതുമായ വികസന പ്രവർത്തനങ്ങൾ

49 (3150) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വികസന പദ്ധതികൾ ഏതെല്ലാം; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ആ പദ്ധതികളിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു;

(സി) ആ പദ്ധതികൾക്ക് വേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും ആ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ ചുവടെ ചേർക്കുന്നു:

വർഷം	*പദ്ധതി അടങ്കൽ*
2011-12	12010.00
2012-13	14010.00
2013-14	17000.00
2014-15	20000.00
2015-16	20000.00

ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റും ചെലവിന്റെ മുൻവർഷത്തെ കണക്കുകളും പദ്ധതികളുടെ വിശദമായ കുറിപ്പുകളും അതാതു വർഷങ്ങളിലെ വാർഷിക പദ്ധതി എന്ന രേഖയിൽ നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മിക്ക പദ്ധതികളും ഭരണാനുമതി നേടുകയും പൂർത്തിയാക്കപ്പെട്ടതുമാണ്. ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. ഭരണ വകുപ്പുകളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ വിവിധ ഭരണവകുപ്പുകളിൽനിന്നും ശേഖരിച്ചത് അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ൽ* ചേർക്കുന്നു.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

50 (3151) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly